**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര കർഷകർക്ക് നിലവിൽ ലഭിക്കുന്ന പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും സബ്സിഡി തുക യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) | കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒരു പരിധി വരെ പരിഹരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നത്. ക്ഷീരവികസന വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകി കൊണ്ടിരിക്കുന്നു. പാലിനുള്ള സബ്സിഡി വിഹിതം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ